# 28. ആധ്യാത്മികത കച്ചവടച്ചരക്കാവുമ്പോൾ

ഹിന്ദുമതം, വേദാന്തം, യോഗാഭ്യാസം മുതലായവയെസ്സംബന്ധിച്ച് ആധികാരികമായ അറിവുള്ളവർ, അവയെപ്പററി അത്രയും അറിവില്ലാത്തവർക്കിടയിൽ ഈ വിഷയങ്ങൾ ശരിയായ വിധത്തിൽ പ്രചരിപ്പിക്കുന്നതിൽ തെറെറാന്നുമില്ല. ഇങ്ങനെ പ്രചരിപ്പിക്കുന്നതു് ഇന്ത്യയ്ക്കകത്തോ വിദേശത്തോ ആവാം. ഹിന്ദുമതത്തെപ്പററി അമേരിക്കയിൽ വിവേകാനന്ദസ്വാമികൾ ചെയ്ത പ്രസംഗങ്ങൾ, പ്രാചീന ഭാരതീയസംസ്കാരത്തെപ്പററി ലോകത്തിലെങ്ങും വ്യാപകമായ മതിപ്പ് ഉളവാക്കുവാൻ ഉതകുകയുണ്ടായി. രാമകൃഷ്ണമിഷൻപോലെയുള്ള സ്ഥാപനങ്ങൾ പല വിദേശരാജ്യങ്ങളിലും ചെയ്തുവരുന്ന സംയതവും സ്ഥിരവുമായ വേദാന്തപ്രചാരണം ആ രാജ്യങ്ങളിലുള്ള ജിജ്ഞാസുക്കൾക്ക് വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. അവരുടെ സംഖ്യ കുറവായിരിക്കാം. ആയിരം മനുഷ്യരിൽ ഒരാൾക്കേ ആധ്യാത്മികകാര്യങ്ങളിൽ താൽപര്യം കാണൂ; താൽപര്യമുള്ള ആയിരമാളുകളിൽ ഒരാൾക്കേ ഈശ്വരസാക്ഷാത്കാരം ലഭിക്കുകയുമുള്ളു എന്ന അർത്ഥത്തിലുള്ള ഭഗവദ്ഗീതാപദ്യം ഇവിടെ ഓർക്കാവുന്നതാണ്. വേദാന്തമെന്ന തത്ത്വചിന്താസരണിയെപ്പററി പറഞ്ഞതു് ആരാധനാരൂപമോ, ആചാരപ്രധാനമോ ആയ മതത്തിനും, കായിക—മാനസിക—വ്യായാമരൂപമായ യോഗാഭ്യാസത്തിനും പ്രസക്തം തന്നെ.

പക്ഷേ, ഹിന്ദുമതം തത്ത്വചിന്ത, യോഗാഭ്യാസം മുതലായവയെ ലാഭദൃഷ്ടിയോടെ കച്ചവടച്ചരക്കാക്കി മാററുമ്പോഴോ? ഈ വിഷയങ്ങളെപ്പററി ഉപരിപ്ലവമായ ജ്ഞാനംമാത്രം സമ്പാദിച്ച ചിലർ, മറുനാടുകളിൽ പണവും പ്രതാപവും ആർജിക്കുന്നതിനുവേണ്ടി, ഇന്ത്യയുടെ പൗരാണികസംസ്കാരത്തിന്റെ ഈ ഘടകങ്ങളെ ഉപകരണങ്ങളാക്കുമ്പോഴോ? അപ്പോൾ മതത്തിനും തത്ത്വചിന്തയ്ക്കും യോഗാഭ്യാസത്തിനുമെല്ലാം നിറം കെട്ടുപോകുന്നു; മതത്തിന്റെപേരിൽ അന്ധവിശ്വാസങ്ങളും ഭ്രഷ്ടാചാരങ്ങളും, തത്ത്വചിന്തയുടെപേരിൽ അസംബന്ധങ്ങളും, യോഗാഭ്യാസത്തിന്റെ പേരിൽ ഇന്ദ്രജാലവും പ്രചരിപ്പിക്കപ്പെടുന്നു; പ്രചാരണം നടക്കുന്ന വിദേശരാജ്യത്തിലെ ശ്രദ്ധാലുക്കളായ സാധാരണജനങ്ങൾക്കിടയിൽ കനത്ത നിരാശയും, ഈ പ്രചാരണത്തിന്റെ ഉറവിടമെന്നു കരുതപ്പെടുന്ന ഇന്ത്യയോടു് അവർക്കു് കഠിനമായ അവജ്ഞയും ഉളവാകുന്നതിനു് ഇതുമൂലം ഇടവരികയുംചെയ്യുന്നു.

വിദേശങ്ങളിൽ 'അതീന്ദ്രിയധ്യാനം' പ്രചരിപ്പിക്കുകവഴി പ്രസിദ്ധിയാർജിച്ച ഒരാളാണ് മഹർഷി മഹേശ് യോഗി. ധ്യാനയോഗത്തിലൂടെ സാധകനു കൈവരുന്ന മനസ്വാസ്ഥ്യത്തെപ്പററിയാണ് അദ്ദേഹം പറയുന്നതെങ്കിൽ, അതു നമുക്കു മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ, അതിനപ്പുറത്തു്, അതീന്ദ്രിയധ്യാനാവസ്ഥയിൽ ജനങ്ങൾ ആകാശത്തി

ലൂടെ പറക്കുന്നതായി അദ്ദേഹം അവകാശപ്പെട്ടാൽ, ഈ അവകാശവാദത്തെ ഉപ്പുകൂട്ടാതെ വിഴുങ്ങുവാൻ വളരെയധികംപേർ തയ്യാറായേക്കുകയില്ല. മാത്രമല്ല, ഇന്ത്യയുടെ ആധ്യാത്മികസാധനയുടെ ഒരു പ്രമുഖഘടകമായ പാതഞ്ജലിയോഗദർശനത്തെപ്പററി അവിശ്വാസം വളർത്തുന്നതിനു് ഈ അവകാശവാദം കാരണമാവുകയുംചെയ്യും.

ഇതും കടന്നു്, 'ശക്തവും മാതൃകാപരവും കഴപ്പങ്ങളിൽനിന്നു തികച്ചും സ്വതന്ത്രവുമായ ഒരു രാജ്യമായി മാററാനുള്ള 'അജയ്യഭാരതയോജന ദേശീയ യജ്ഞപരീക്ഷണങ്ങ'ളെപ്പററി, എല്ലാ പത്രങ്ങളിലും ധാരാളം പണം ചെലവാക്കി പരസ്യങ്ങൾ നൽകപ്പെട്ടുതുടങ്ങുമ്പോൾ, ഈ കമ്പത്തെപ്പററി ഗൗരവമായിത്തന്നെ ചിന്തിക്കേണ്ടിവരുന്നു.

ഇന്ത്യയെ അജയ്യമാക്കുന്നതിനും, ആ അജയ്യത എക്കാലവും നിലനിറുത്തുന്നതിനും, വേദസംബന്ധവും യോഗസംബന്ധവുമായ അറിവുകളെ സംയോജിപ്പിച്ചുകൊണ്ടു് ഇന്ത്യയുടെ ആത്മീയവും ദൈവികവും ഭൗതികവുമായ എല്ലാ ഭാവങ്ങളും ഉത്തേജിപ്പിക്കുകയാണു വേണ്ടതെന്നു് മഹർഷി കരുതുന്നു.

കൊള്ളാം. നല്ല കാര്യം. പക്ഷേ, ഇങ്ങനെ ഉത്തേജിപ്പിക്കുന്നതിനു്, മഹർഷി നിർദേശിക്കുന്ന മാർഗം എന്താണു്? ദേശീയസുരക്ഷിതത്വത്തിനുതകുന്ന വേദങ്ങളും സ്തോത്രങ്ങളും അറിയാവുന്ന, ആധ്യാത്മികതത്ത്വങ്ങളാകുന്ന ആയുധങ്ങളെക്കുറിച്ചു സമഗ്രമായ ജ്ഞാനമുള്ള ആളുകൾ അവരുടെ അത്തരം അറിവുകളോ അവയടങ്ങിയ പ്രബന്ധങ്ങളോ മഹർഷിക്കു് അയച്ചുകൊടുക്കണം. വേദസാഹിത്യത്തിലെ വിജയത്തിന്റെ തത്ത്വങ്ങളും ദേശീയസുരക്ഷിതത്വവും, ആധ്യാത്മികശാസ്ത്രത്തിന്റെ ആയുധങ്ങളും കോപ്പുകളും, സ്തോത്രങ്ങളുടെ ഉപയോഗം, സിദ്ധതന്ത്രങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചായിരിക്കണം പ്രബന്ധങ്ങൾ (ഇതാണു് ഉദ്ദേശ്യമെന്നു തോന്നുന്നു. പരസ്യത്തിലെ വികലമായ വാക്യഘടനയിൽനിന്നു് യുക്തിസംഗതമായ ഒരർത്ഥം ഊഹിച്ചെടുക്കുക വിഷമമാണു്). മേല്പറഞ്ഞ തരത്തിലുള്ള ഏററവും നല്ല ലേഖനത്തിന്റെ കർത്താവിനു് അയ്യായിരം രൂപ സമ്മാനം നൽകും!

അയ്യായിരം രൂപയ്ക്കു് സ്ഥിരമായ ദേശീയസുരക്ഷിതത്വം! സംഗതി ലാഭമല്ലേ? കച്ചവടം ഇതിലേറെ മെച്ചമാവാനുണ്ടോ?

പഞ്ചാബിൽ ആളിപ്പടർന്ന നാശോന്മുഖമായ തീയിൽനിന്നു് ദൽഹിയെ രക്ഷിച്ചതു്, ദൽഹിയിലെ മഹർഷി വേദവിജ്ഞാൻ വിദ്യാപീഠത്തിൽ ഏകദേശം 1500 വിദ്യാർത്ഥികൾ കൂട്ടായി നടത്തുന്ന ഭാവാതീതധ്യാനത്തിൽനിന്നു് അന്തരീക്ഷത്തിലെത്തിയ സത്വഗുണശക്തിയാണെന്നു് ഈ പരസ്യത്തിൽ പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ ദൽഹിയിലെ ലഹള അമർച്ചചെയ്തതു്, പട്ടാളമല്ല, മഹർഷിയാണു്.

'കൂട്ടായ ഭാവാതീതധ്യാനത്തിന്റെ സങ്കല്പിക്കാനാവാത്തതും എന്നാൽ, വ്യക്തവുമായ ശക്തി അനവധി രാജ്യങ്ങളിൽ കണ്ടിട്ടുണ്ടു്. വെറും മൂന്നുനാലു്ആഴ്ചകൾക്കകം ഫിലിപ്പൈൻസ് രൂപാന്തരപ്പെട്ട രാഷ്ട്രീയവും സാമ്പത്തികവുമായ പരിതഃസ്ഥിതികൾ അവിടെ മാറി' എന്നു പരസ്യത്തിൽ കാണുന്നു.

ഫിലിപ്പൈൻസിൽ എന്തു സംഭവിച്ചു? അവിടം എങ്ങനെ മാറി?

1984 നവംബർ 19-ലെ 'ന്യൂസ്‌വീക്ക്' വാരികയിൽ അവരുടെ മനില ലേഖകൻ എഴുതി: (ഫിലിപ്പൈൻസ് ദ്വീപുകളുടെ തലസ്ഥാനമാണു് മനില.)

'ആദ്യം തോന്നിയതു് ഫിലിപ്പൈൻസിൽ പുതുതായി വന്നവർ അരക്കിറുക്കന്മാരെങ്കിലും നിരുപദ്രവികളാണെന്നാണു്. താഴ്ത്തി മുടിവെട്ടിയ, സസ്യഭക്ഷണക്കാരായ, വിദേശീയ യുവാക്കളായിരുന്നു

അവർ. ഹോട്ടലുകളിൽ അവർ ധൂപക്കുററി കത്തിച്ചുകൊണ്ടുനടന്നു: ഹോട്ടൽ ബില്ല് റൊക്കം പണമായി കൊടുക്കുകയുംചെയ്തു. പിന്നീട് ഒരു ഇന്ത്യൻ ഗുരുവിൻെറ ചിത്രമുള്ള പരസ്യങ്ങളുടെ പ്രളയമായി. പൂർണ്ണമായ ആരോഗ്യവും ആദർശയോഗ്യമായ വിദ്യാഭ്യാസവും കാററിൽ പറന്നുയരുന്നതിനുള്ള സെമിനാറുകളും ഗുരു വാഗ്ദാനംചെയ്തു.

'സെപ്തംബറിൽ മഹർഷി മഹേശ്യോഗിയുടെ ശിഷ്യന്മാർ മനിലയിലെ 'ഈസ്റ്റ് യൂണിവേഴ്സിററി' വിലക്കു വാങ്ങാൻ ശ്രമിച്ചു. ദുർഘടഘട്ടത്തിൽപ്പെട്ടു നട്ടംതിരിയുന്ന ഫിലിപ്പൈൻസിനെ മഹർഷിയുടെ ഏകീകൃത ക്ഷേത്ര(യൂണിഫൈഡ് ഫീൽഡ്)സിദ്ധാന്തം ഉപയോഗിച്ച് രാഷ്ട്രീയവും സാമ്പത്തികവുമായ തകർച്ചയിൽനിന്നു രക്ഷിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.'

'ഫിലിപ്പൈൻസിൽ എത്തിയ ആയിരത്തിയിരുനൂറ് അതീന്ദ്രിയ ധ്യാനികളിലധികംപേരും അമേരിക്കക്കാരോ യൂറോപ്യന്മാരോ ആയിരുന്നു. ആദ്യം അവരെക്കണ്ട മനിലക്കാർക്ക് രസമാണു തോന്നിയത്. പക്ഷേ, നാട്ടിലെ ഏററവും വലിയ സർവകലാശാല അവർ വിലക്കു വാങ്ങാൻ ശ്രമിച്ചപ്പോൾ സംശയങ്ങൾ തലപൊക്കി. മനിലയിലെ കർദിനാൾ ജൈമെസിൻ പ്രഖ്യാപിച്ചു, 'ഏകീകൃത ക്ഷേത്ര'സിദ്ധാന്തം ക്രിസ്തുമതത്തിനു കടകവിരുദ്ധമാണെന്ന്. ഫിലിപ്പൈൻസ് ആണെങ്കിൽ പ്രധാനമായും ഒരു റോമൻ കത്തോലിക്കാ രാഷ്ട്രവുമാണ്. ഫിലിപ്പൈൻസിലെ എല്ലാ സ്കൂളുകളും ഫിലിപ്പൈൻകാരുടെ നിയന്ത്രണത്തിലായിരിക്കണമെന്ന് അനുശാസിക്കുന്ന ഭരണഘടനയ്ക്കു എതിരാണ് യൂണിവേഴ്സിററി വിലയ്ക്കുവാങ്ങൽ എന്ന് കഴിഞ്ഞയാഴ്ച നീതിന്യായമന്ത്രാലയം പ്രഖ്യാപിച്ചു.

'ഫിലിപ്പൈൻസിലെ പ്രസിഡണ്ട് ഫെർഡിനാൻഡ് മാർക്കോസ് ആയിരുന്നു ഈ ധ്യാനക്കാരെ ക്ഷണിച്ചുവരുത്തിയത്. ബീററിൽ ഗായകരുടെ ഗുരുവെന്നനിലയിൽ പ്രസിദ്ധി നേടിയ മഹർഷിയുടെ പ്രസ്ഥാനകേന്ദ്രം സ്വിററ്സർലണ്ടിലാണ്. അദ്ദേഹത്തിനു ലോകത്തിലാകെ അമ്പതുലക്ഷം അനുയായികളുണ്ടത്രേ. തൻെറ സംഘത്തിൻെറ ആധ്യാത്മികചൈതന്യം പ്രയോജനപ്പെടുത്താൻ മഹർഷി ലോകനേതാക്കളോടു നിർദേശിച്ചു. പ്രസിഡണ്ട് മാർക്കോസും ഭാര്യ ഇമേൽഡയും മാത്രമാണ് ഈ നിർദേശം സ്വീകരിച്ചത്. മാർക്കോസ് മഹർഷിയുടെ അറുനൂറു ശിഷ്യന്മാർക്കു സ്വന്തം കൊട്ടാരത്തിൽവെച്ച് ഒരു വിരുന്നു നൽകി. 'ശാസ്ത്രീയപരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ട 'ഏകീകൃത ക്ഷേത്ര'ത്തിൻെറ സങ്കേതത്തെ മാർക്കോസ് പുകഴ്ത്തിപ്പറഞ്ഞു: പകരം 'ഫിലിപ്പൈൻസിൽ ആത്മബോധയുഗത്തിൻെറ സ്ഥാപകപിതാവ്' എന്ന ബിരുദം മാർക്കോസിനു അവർ കൊടുത്തു. പ്രസിഡണ്ടിൻെറ പത്നി 'എല്ലാ മനുഷ്യർക്കും ശാശ്വതപ്രചോദനവുമായി!'

'ഗുരുവിൻെറ ശിഷ്യർ മനില ഹോട്ടലിൽ എഴുപതു മുറി ആറു മാസത്തേക്കു വാടകയ്ക്കെടുത്തു. ഈ മുറികളിൽ, ദിവസേന 1200 ഡോളർ വാടകയുള്ള 'പ്രസിഡൻഷ്യൽ സ്യൂട്ടും' അതിലും ചെലവേറിയ പെൻറ് ഹൗസും (മുഖ്യകെട്ടിടത്തോടുചേർന്ന ഒരു ചെറുകെട്ടിടം)ഉൾപ്പെടും. മിറാഡർ ഹോട്ടലിൽ ആകെയുള്ള 340 മുറികളും അവർ എടുത്തു. ഈസ്റ്റ് യൂണിവേഴ്സിററിയിൽ തങ്ങളുടെ പരിപാടി നടപ്പാക്കാൻ പത്തുലക്ഷം ഡോളർ കൊടുക്കാമെന്ന് അവർ ഏററു.

'കൂട്ടമായി അതീന്ദ്രിയധ്യാനം നടത്തിയാൽ ബിസിനസ്കഴിവു മെച്ചപ്പെടും, രാഷ്ട്രീയക്കുഴപ്പങ്ങൾ തീരും, മനുഷ്യരെ വാർധക്യംപോലും ബാധിക്കാതാവും എന്നൊക്കെയാണ് അവകാശവാദങ്ങൾ. ധ്യാനംകൊണ്ട് രാജ്യത്തിനു ചുററും അദൃശ്യകവചങ്ങളുയർത്തി കൊടുങ്കാററുകളും പ്രകൃ

തിക്ഷോഭങ്ങളും തടയാമെന്നുവരെ അവർ പരസ്യപ്പെടുത്തി. ഏഴായിരം മഹർഷിശിഷ്യർ ദിവസേന ഒരിടത്തു കൂടിയിരുന്നു മന്ത്രം ചൊല്ലിയാൽ ലോകത്തിൽ കുഴപ്പങ്ങളും വിപ്ലവങ്ങളും ഇല്ലാതാവുമത്രേ!

'ധ്യാനയോഗക്കാർ വന്നതിനുശേഷം മനിലയിൽ അക്രമപരങ്ങളായ പ്രതിഷേധങ്ങൾ ഇരമ്പുകയാണ്'. ഫിലിപ്പൈൻസിന്റെ നടുവിലുള്ള മായോൻ അഗ്നിപർവതം അപ്രതീക്ഷിതമായി പൊട്ടിയൊലിച്ചിരിക്കുന്നു; ശക്തിയേറിയ രണ്ടു ഭൂകമ്പങ്ങൾ രാജ്യത്തെ വിറകൊള്ളിച്ചിരിക്കുന്നു; ഹോട്ടൽത്തീപിടിത്തങ്ങളുടെ ഒരു പരമ്പരയിൽ പലരും മരിച്ചിരിക്കുന്നു; പരുക്കപറ്റിയവരിൽ മഹർഷിയുടെ ചില ശിഷ്യരുമുണ്ട്. ദശാബ്ദങ്ങൾക്കിടയിൽ ഉണ്ടായവയിൽ ഏററവും വമ്പിച്ച ചുഴലിക്കൊടുങ്കാററുകൾ അടിച്ച് രണ്ടായിരത്തോളം ഫിലിപ്പൈൻകാർക്ക് ജീവാപായം നേരിട്ടു. അഞ്ചുലക്ഷത്തോളം ആളുകൾക്ക് വീടുകളില്ലാതായി.'

മഹർഷിയുടെ പരസ്യങ്ങൾ കണ്ടിരുന്നെങ്കിൽ, യോഗദർശനത്തിന്റെ ഉപജ്ഞാതാവായ പതഞ്ജലിമുനി എന്തു പറയുമായിരുന്നു?

23 നവംബർ, 1984

# 29. ഇന്ത്യയിൽ സയൻസ്

ലോകപ്രസിദ്ധി നേടിയിട്ടുള്ള ഒരു സയൻസ് ആനുകാലികം ആണ് 'നേച്ചർ'. ഈ ബ്രിട്ടീഷ് പ്രസിദ്ധീകരണത്തിന്റെ 1984 ഏപ്രിൽ 12–ലെ ലക്കം, ഇന്ത്യയിൽ സയൻസിന്റെ ഇന്നത്തെ നിലയെപ്പററി പഠിച്ചു വിലയിരുത്തുന്നതിനായി ഇരുപതു പേജുകൾ നീക്കിവെച്ചിരിക്കുന്നു.

സയൻസിലും വിദ്യാഭ്യാസത്തിലും പുരോഗതിയിലും താല്പര്യമുള്ള എല്ലാ ഭാരതീയരുടെയും ഗാഢമായ പഠനം അർഹിക്കുന്നുണ്ട് ഈ വിലയിരുത്തൽ. അന്യർ നമ്മെ എങ്ങനെ കാണുന്നു എന്നു മനസ്സിലാക്കുന്നത്, കോട്ടങ്ങൾ കണ്ടറിഞ്ഞു തിരുത്താനും നേട്ടങ്ങളെ ശക്തിപ്പെടുത്താനും നമ്മെ സഹായിക്കുമല്ലൊ.

ദരിദ്രരാജ്യങ്ങൾക്കിടയിൽ സയൻസ് വളരാനും വിജയിക്കാനും ഏററവുമധികം സാധ്യതയുള്ള രാജ്യം ഇന്ത്യയാണെന്ന് 'നേച്ചർ' ആമുഖമായി പ്രസ്താവിക്കുന്നു. ഗണ്യമായ പ്രകൃതിവിഭവങ്ങൾ ഇന്ത്യയിലുണ്ട്. പക്ഷേ, പ്രകൃതിവിഭവങ്ങളേക്കാൾ പ്രധാനമാണ് ഇന്ത്യയിലെ മനുഷ്യവിഭവം.

എഴുപത്തഞ്ചു കോടിയോളം ജനങ്ങൾ ഇപ്പോൾ ഇന്ത്യയിലുണ്ട്. ആണ്ടിൽ രണ്ടേശതമാനം (അതായത് ഒരു കോടി എൺപത്തേഴരലക്ഷം) എന്ന തോതിൽ ഇവിടെ ജനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളിൽ മൂന്നിലൊരു ഭാഗം നിരക്ഷരരാണെന്നാണ് ഔദ്യോഗികകണക്ക്. യഥാർത്ഥത്തിൽ മൂന്നിൽ രണ്ടുഭാഗവും നിരക്ഷരരാണ്. ഏഴുലക്ഷം ഗ്രാമങ്ങളിൽ പാർക്കുന്ന ഭൂരിപക്ഷം ജനങ്ങൾക്കും കാശിന് യാതൊരു മാർഗവുമില്ല. എന്തെങ്കിലും ഒരു സാധനം വാങ്ങണമെന്നു വിചാരിച്ചാൽ അതിനു കഴിവില്ലാത്തവരാണ് അധികംപേരും.

സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ വൈവിധ്യം ഇന്ത്യയുടെ ഒരു പ്രത്യേകതയാണ്. പ്രധാന പ്രാദേശികഭാഷകൾ ഒരു ഡസനിലധികമുണ്ട്. ഹിന്ദിയെ പൊതുഭാഷയാക്കാനുള്ള ശ്രമം പതുക്കെയേ മുന്നേറുന്നുള്ളു.